"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി വികസനം - ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി - തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ, വെള്ളായണി, ഊക്കോട് പി.ഒ., വലിയവിളാകത്ത് വീട്ടിൽ, ശ്രീമതി. ഗോപിക കെ.കെ. എന്നവർക്ക് വീട് നിർമ്മിക്കാൻ ധനസഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.278/2025/SCSTD തീയതി,തിരുവനന്തപുരം, 16-04-2025

പരാമർശം:-
1. സ.ഉ.(കൈ) നം.33/2024/SCSTD തീയതി 19.10.2024.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 05.12.2024-ലെ SCDD/2587/2023-A1 (DEV-A) നമ്പർ കത്ത്.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 31.01.2025-ലെ SCDD/2587/2023-A1 (DEV-A) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ വെള്ളായണി ഊക്കോട് പി.ഒ. വലിയവിളാകത്ത് വീട്ടിൽ ശ്രീമതി. ഗോപിക കെ. കെ. എന്നവർക്ക് 2021-22 സാമ്പത്തിക വർഷം "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി നേമം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതിനാൽ നാളിതുവരെ ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടില്ലെന്നും ടിയാൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം-2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ സർക്കാർ ലഭ്യമാക്കാൻ ആവശ്യപ്പെട്ട അധികവിവരം പരാമർശം-3 പ്രകാരവും വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയുടെ നടത്തിപ്പിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പരാമർശം-1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ "2) ഉപ പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങൾ" എന്ന ശീർഷകത്തിൽ "ബി) ഭവന നിർമ്മാണം" എന്ന ഉപശീർഷകത്തിൽ, ഭവന നിർമ്മാണത്തിന് പരമാവധി 6 ലക്ഷം രൂപ വരെ അനുവദിക്കുന്നതിനുള്ള നിർദ്ദേശം അടങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപശീർഷകത്തിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ ഭവന നിർമ്മാണത്തിന് അപേക്ഷിക്കുന്ന വ്യക്തിയ്ക്ക് സ്വന്തം പേരിലോ അല്ലെങ്കിൽ ഭാര്യ/ഭർത്താവിന്റെ പേരിലോ ഭവന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലവും നിലവിൽ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട

ആളായിരിക്കണമെന്നും നിബന്ധന ഉണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പട്ടികജാതിയിലെ ദുർബല വിഭാഗമായ വേടൻ സമുദായത്തിൽപ്പെട്ട ശ്രീമതി. ഗോപിക കെ.കെ.യുടെ വീട് അനുവദിക്കണമെന്ന ദീർഘനാളത്തെ ആവശ്യം കണക്കിലെടുത്തും, വകുപ്പിന്റെ "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം വീട് നിർമ്മിക്കാൻ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഇതിനോടകം അനുവദിച്ച സാഹചര്യത്തിലും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ഇതൊരു പ്രത്യേക കേസ് ആയി പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ വെള്ളായണി ഊക്കോട് പി.ഒ. വലിയവിളാകത്ത് വീട്ടിൽ ശ്രീമതി. ഗോപിക കെ. കെ. എന്നവർക്ക് വകുപ്പിന്റെ "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി വീട് നിർമ്മിക്കാൻ ധനസഹായത്തിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.അനിൽകുമാർ
അഡീഷണൽ സെക്രട്ടറി

1) ശ്രീമതി. ഗോപിക കെ.കെ. വലിയവിളാകത്ത് വീട്ടിൽ, ഊക്കോട് പി.ഒ., വെള്ളായണി, തിരുവനന്തപുരം.
2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
3) ജില്ലാ പട്ടികജാതി വികസന ഓഫീസർ, തിരുവനന്തപുരം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
6) ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ) ഐ & പി ആർ ഡി.
7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
Date: 16-04-2025 13:40:32
സെക്ഷൻ ഓഫീസർ

**പകർപ്പ്:-** ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.